**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 446** **21-03-2025 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഉന്നതവിദ്യാഭ്യാസ മേഖലയുടെ വികസനത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്നറിയിക്കുമോ; വിശദമാക്കുമോ; | (എ) | ഉന്നതവിദ്യാഭ്യാസ മേഖലയുടെ വികസനത്തിനായും ഗുണനിലവാരം ഉയർത്തുന്നതിനായും, നടപ്പിലാക്കാൻ ഉദ്ദേശി ക്കുന്ന പ്രധാന പ്രവർത്തനങ്ങൾ, അവ നടപ്പിലാക്കുന്നതു മുഖേന കൈവരിക്കാൻ കഴിയുമെന്ന് കരുതുന്ന നേട്ടങ്ങൾ, ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1. കരിക്കുലം പരിഷ്കരണം:-**<br><br>കരിക്കുലം പരിഷ്കരണത്തിലൂടെ 2024-25 അക്കാദമിക വർഷം മുതൽ നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്. കോഴ്സ് ബാസ്കറ്റ് സമ്പ്രദായം ഉൾപ്പെടെ വളരെ നൂതനമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന താണ് നിലവിലെ കരിക്കുലം പരിഷ്കരണം.<br><br>കലാലയങ്ങളിൽ നിലവിലുള്ള പരമ്പരാഗത കോഴ്സുകളോടൊപ്പം സർക്കാർ ന്യൂജനറേഷൻ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഉന്നത വിദ്യാഭ്യാസരംഗത്തിന്റെ സമഗ്ര വികസന ത്തിന്റെ ഭാഗമായി 4 വർഷ ബിരുദ കോഴ്സുകൾ 2024-25 അക്കാദമികവർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.<br><br>**2. സെന്റർ ഓഫ് എക്സലൻസ്:**<br><br>വിവിധ സർവകലാശാലകളുടെ ഭാഗമായി നിലവിൽ **11** സെന്റർ ഓഫ് എക്സലൻസ് ആരംഭിക്കുന്നതിനായുള്ള ഭരണാനുമതി നൽകി കഴിഞ്ഞിട്ടുണ്ട്.<br><br>**3.സ്റ്റഡി ഇൻ കേരള:**<br><br>കേരളത്തെ ഒരു ഉന്നതവിദ്യാഭ്യാസ ഹബ്ബ് ആക്കി മാറ്റുന്നതിനും കൂടുതൽ വിദ്യാർത്ഥികളെ |

കേരളത്തിലേക്ക് എത്തിക്കുന്നതിനും ആവശ്യമായ കർമ്മപരിപാടികൾ സ്റ്റഡി ഇൻ കേരള എന്ന പദ്ധതിയിലൂടെ ആവിഷ്കരിച്ച് നടപ്പി ലാക്കി വരുന്നു.

**4. എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം:**

സംസ്ഥാനത്തെ സർവകലാശാല കളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹ ത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയ വിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ്‌വർക്ക് വികസിപ്പിക്കുന്ന തിനുമായി എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.
ഈ പദ്ധതി നടപ്പിലാക്കിയത് മുതൽ നാളിതുവരെ 15 നൊബേൽ ജേതാക്കൾ ഉൾപ്പെടെ 381 വിദഗ്ധരാണ് ഈ പദ്ധതിയ്ക്ക് കീഴിൽ സംസ്ഥാനത്തെ സർവ്വകലാ ശാലകളും കോളേജുകളും സന്ദർശിച്ചിട്ടുള്ളത്.

**5. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (Kerala Institutional Ranking Framework) (KIRF)**

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപന ങ്ങളുടെ ഗവേഷണനിലവാരം, അദ്ധ്യാപന ഗുണമേന്മ എന്നിവ മെച്ചപ്പെടുത്താനും മികച്ച വിദ്യാഭ്യാസ സാധ്യതകൾ തേടുന്ന വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉചിതമായ സ്ഥാപനങ്ങൾ തിരഞ്ഞെടു ക്കുന്നതിനും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വികസിപ്പിച്ചെടു ത്തതാണ് കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (KIRF). സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ ഇതിലൂടെ ദേശീയവും അന്തർദേശീയ വുമായ റാങ്കിംഗിൽ പങ്കെടുക്കാൻ സജ്ജമാക്കുന്നു.

**6. ബ്രെയിൻ ഗെയിൻ :**

ലോകമെമ്പാടുമുള്ള പ്രശസ്ത സർവ്വകലാ ശാലകളിലും ഗവേഷണ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന അക്കാദമിക്കുകളായ മലയാളികളുടെ ഒരു സമഗ്ര ഡേറ്റാ ബെയ്സ് നിർമ്മിക്കുന്നതിനായി ലക്ഷ്യമിട്ട് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആരംഭിച്ച പദ്ധതിയാണ് ബ്രെയിൻ ഗെയിൻ. വിദേശങ്ങളിലുള്ള മലയാളികളായ ശാസ്ത്രജ്ഞർ, സാമൂഹ്യ ശാസ്ത്രജ്ഞർ, മാനവിക വിദഗ്ദ്ധർ, മെഡിക്കൽ പ്രൊഫഷണലുകൾ, സാങ്കേതിക വിദഗ്ധർ, മാനേജ്മെന്റ് സ്പെഷ്യലിസ്റ്റുകൾ തുടങ്ങിയ വിവിധ മേഖലകളിലെ വിദഗ്ധരെ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ സ്ഥാപന ങ്ങളുടെ

അക്കാദമിക് , ഗവേഷണ വികസന ത്തിനായി ഉൾക്കൊള്ളിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

7. **ഇ-ജേർണൽ കൺസോർഷ്യം:**

സംസ്ഥാനത്തെ എല്ലാ സർവ്വകലാ ശാലകൾക്കും/ ഉന്നത വിദ്യാഭ്യാസ സ്ഥാപന ങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഈ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഈ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium) 2022-23-ൽ രൂപീകരിച്ചിരുന്നു. പ്രമുഖ പ്രസാധകരായ എൽസെവിയർ, Knimbus എന്നിവരുമായി പ്രവർത്തന കരാർ നിലവിൽ വന്നുകഴിഞ്ഞു. എൽസെവിയർ ഗ്രൂപ്പിന്റെ പ്രസിദ്ധീകരണ ങ്ങളായ സയൻസ് ഡയറക്ടും സ്കോപ്പസും ഇതിൽ ഉൾപ്പെടും. ഇത് ഗവേഷണ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമായ സംവിധാന മാണ്.

ഉന്നത വിദ്യാഭ്യാസരംഗത്ത് ഉയർന്ന നിലവാരത്തിലുള്ള പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സർക്കാർ കോളേജുകൾ, ട്രെയിനിംഗ് കോളേജുകൾ, ഹോസ്റ്റൽ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനവും, കോളേജുകളിൽ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ലബോറട്ടറി, ലൈബ്രറി എന്നിവയും നിർമ്മിച്ച നൽകിയിട്ടുണ്ട്. കോളേജുകളെ യൂണിവേഴ്സിറ്റി കളുമായും ഇൻഡസ്ട്രിയൽ സ്ഥാപനങ്ങളു മായും ബന്ധിപ്പിക്കുന്ന 'ലീഡ്' പോലുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു.

സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ക്ളാസ്സുകൾ ക്രമീകരിക്കുന്നതിനായി എല്ലാ ക്ളാസ്സുകളും സ്മാർട്ട് ക്ലാസ്സ് ആക്കുന്ന തിനുള്ള പദ്ധതി, ലൈബ്രറി ഡിജിറ്റലൈ സേഷൻ, ഓൺലൈൻ ക്ളാസ്സുകൾ ക്രമീകരിക്കുന്നതിനുള്ള പദ്ധതി, ഗ്രീൻ ക്യാമ്പസ് തുടങ്ങിയ ക്രമീകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട് . അക്കാദമിക മികവിനും റിസേർച്ചിനും പ്രോത്സാഹനം നൽകുന്നതി നായി PLEASE, വിദ്യാർത്ഥികളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജീവനി , പഠനത്തോടൊപ്പം തൊഴിൽ (Earn While You Learn), എന്നീ പദ്ധതികളും നടപ്പിലാക്കി യിട്ടുണ്ട്. കഴിഞ്ഞ അക്കാദമിക വർഷം (2023-24) മുതൽ ജീവനി പദ്ധതി വകുപ്പിന് കീഴിലുള്ള എയ്ഡഡ് കോളേജുകളിലേക്ക് കൂടി വ്യാപിപ്പിച്ചു. പഠനത്തോടൊപ്പം വിവിധ തൊഴിൽമേഖലകളെ പരിചയപ്പെടുത്തു ന്നതിനും പുതിയ

തൊഴിൽമേഖലകളെ കണ്ടെത്തുന്നതിനും പഠനത്തോടൊപ്പം തൊഴിൽ പദ്ധതിയിലൂടെ കഴിയുന്നതാണ്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളും 20% സർക്കാർ/എയ്ഡഡ് പോളിടെക്നിക് കോളേ ജുകളും NBA അംഗീകാരം നേടിയിട്ടുണ്ട്. എല്ലാ സർക്കാർ/എയ്ഡഡ് പോളിടെക്നിക് കോളേ ജുകളും NBA അംഗീകാരം നേടുന്നതിന് NIRF റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

തൊഴിൽ ദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കി വരുന്നു. 6 പോളിടെക്നിക്ക് കോളേജുകളിൽ ASAP-ന്റെ സഹായത്തോ ടെയും പാലക്കാട് സർക്കാർ പോളിടെക്നിക് കോളെജിലും 4 സർക്കാർ കോളേജു കളിലും KSUM-ന്റെ സഹായത്തോടെയും മിനിഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. വകുപ്പിന് കീഴിലെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ പുതുതലമുറ കോഴ്സുകളടക്കം കൂടുതൽ കോഴ്സുകൾ/ അധികബാച്ചുകൾ എന്നിവ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതുമായി ബന്ധ പ്പെട്ട് 2022-23 -ലെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം പെരുമ്പാവൂർ സർക്കാർ പോളിടെക്ക്നിക്ക് കോളേജിൽ ടി കേന്ദ്രം ആരംഭിക്കുന്നതിന് 116.92 ലക്ഷം രൂപയുടെ ഭരണാനുമതി 29.09.2022 -ലെ സ.ഉ (സാധാ) നം. 1437/2022/ഉവിവ പ്രകാരം നൽകിയിരിക്കുന്നു.

ഈ സർക്കാർ അധികാരമേറ്റതിന് ശേഷം വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലായി Centre for Sustainable Development (CSD), Centre for Nano Electronics, Collaborative Research and Learning (CORaL) എന്നീ ഗവേഷണ പദ്ധതികൾ നടപ്പിലാക്കി . Centre of excellence in e-mobility, CET - Centre for advanced research in engineering (CET-CARE) എന്നിവ നടപ്പിലാക്കുന്നതിനും തീരുമാന മായിട്ടുണ്ട്.

പോളിടെക്നിക് കോളേജുകളിൽ വ്യവസായ അധിഷ്ഠിതമായ ഔട്ട്കം ബേസ്ഡ് ഡിപ്ലോമ കരിക്കുലം റിവിഷൻ 2021 ആവിഷ്കരിച്ചു. ഇതിന്റെ ഭാഗമായി രണ്ടാം സെമസ്റ്ററിന് ശേഷം 3 ആഴ്ച

ഇന്റേൺഷിപ്പും നാലാം സെമസ്റ്ററിന് ശേഷം 4 ആഴ്ച ഇന്റേൺഷിപ്പും നടപ്പിലാക്കി . കൂടാതെ Minor Project, Major Project, Activity points അവതരിപ്പിച്ചതിലൂടെ വിദ്യാർത്ഥികളുടെ വൈദഗ്ധ്യ വികസനത്തിന് പ്രാധാന്യം നല്കി. Inter disciplinary പഠനത്തെ പ്രോത്സാഹിപ്പി ക്കുന്നതിനായി ഓപ്പൺ ഇലക്ടീവുകൾ അവതരിപ്പിച്ചു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കോഴ്സ് വിജയകരമായി പൂർത്തീകരി ച്ചതിനുശേഷം സംരംഭകത്വ പ്രവർത്തന ങ്ങളിൽ ഏർപ്പെടുന്നതിന് സഹായകര മാകുന്ന തരത്തിലുള്ള ടെക്നോളജി ഇൻക്യുബേ ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

എഞ്ചിനീയറിംഗ്, ഡിപ്ലോമ വിദ്യാർത്ഥികളെ ഇന്നവേഷൻ സമൂഹമായി രൂപപ്പെടുത്തുന്നതിന് Entrepreneurship & Startups എന്നത് ഒരു പാഠ്യവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Production & Training, Innovation Entrepreneurship Development Cell, Technology Induction Cell തുടങ്ങിയവ പോളിടെക്നിക്ക് മേഖലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.

വിവിധ കോളജുകളിൽ കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് വിദ്യാർത്ഥികൾ നയിക്കുന്ന സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനായി ഇന്നൊവേഷൻ ഹബ്ബുകൾ, ഇൻകുബേഷൻ സെന്ററുകൾ, സംരംഭകത്വ വികസന സെല്ലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട് .

സംസ്ഥാനത്തെ കലാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന തിന്റെ ഭാഗമായി കേരളത്തിലെ യൂണിവേഴ്സിറ്റി കളിലും യൂണിവേഴ്സിറ്റികൾക്ക് കീഴിലെ കോളേജുകളിലുമായി സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് കോഴ്സസ് ആൻഡ് കരിയർ പ്ലാനിങ് (CSDC & CP) എന്ന പേരിൽ സംസ്ഥാനത്തെ കലാലയങ്ങളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട് . CSDC & CP കളോട് സഹകരിച്ച് സ്കിൽ കോഴ്സുകൾ നൽകുന്നതിന് കെൽട്രോൺ, ASAP, CCEK, ICT അക്കാദമി, IHRD എന്നീ സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്.

മഹാത്മാഗാന്ധി സർവകലാശാലയിൽ പുതുതലമുറ കോഴ്സുകൾ പ്രോത്സാഹിപ്പി ക്കുന്നതിന് പുതിയ പഠനവകുപ്പുകൾ (School of Mathematics &Statistics, School of Artificial Intelligence & Robotics, School of Nano Science & Nano Technology, School of Energy Materials, School

of Food Science &Technology, School of Data Analytics, School of Polymer Sciences, School of Gender Studies, Department of Geology) രൂപീകരിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. University Centre for International Cooperation- ന്റെ കീഴിൽ 171 വിദേശ വിദ്യാർത്ഥികൾ മഹാത്മാഗാന്ധി സർവകലാശാലയിൽ പഠനം നടത്തിവരുന്നു. ഇത് സർവകലാശാലയുടെ അന്താരാഷ്ട്ര അംഗീകാരം വർദ്ധിപ്പിക്കുന്നതിന് കാരണ മാകുന്നു.

യൂറോപ്യൻ യൂണിയന്റെ അധ്യാപക-വിദ്യാർത്ഥി കൈമാറ്റത്തിനായുള്ള സാമ്പത്തിക സഹായ പദ്ധതിയായ Erasmus+ സ്കീമിൽ വിയന്നയിലുള്ള സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റി (CEU) യുടെ പാർട്നർ യൂണിവേഴ്സിറ്റിയായി സംസ്കൃത സർവ്വകലാശാലയെ അംഗീകരിക്കുകയും ഇതുമായി ബന്ധപ്പെട്ട് Central European University യുമായി Inter Institutional Agreement-സർവ്വകലാശാല ഒപ്പ് വെക്കുകയും ചെയ്തിട്ടുണ്ട്. അന്താരാഷ്ട്ര അക്കാദമിക് സഹകരണത്തിലെ ഒരു സുപ്രധാന നാഴികക്കല്ല് എന്ന നിലയിൽ, സംസ്കൃത സർവകലാശാല ഗ്രോണിൻഗെൻ സർവകലാശാല (നെതർലാൻഡ്സ്), ജാഗിയല്ലോണിയൻ സർവകലാശാല (പോളണ്ട്), നാഷണൽ യൂണിവേഴ്സിറ്റി ഓഫ് മെക്സിക്കോ (യുഎൻഎഎം) എന്നിവ ഉൾപ്പെടുന്ന സംയുക്ത സംരംഭമായ ഇറാസ്മസ് മുണ്ടസ് ജോയിന്റ് എംഎ പ്രോഗ്രാം (EMJM) അംഗീകരിച്ചിട്ടുണ്ട്.

കേരള സർവകലാശാലയുടെ സ്റ്റാർട്ടപ്പ് വികസന കേന്ദ്രമായ KUBIIC മുഖേന സംരംഭങ്ങൾ തുടങ്ങാൻ വിദ്യാർത്ഥികൾക്ക് അവസരം ഒരുക്കി യിട്ടുണ്ട്.

എ.പി.ജെ.അബ്ദുൾകലാം സാങ്കേതിക സർവകലാശാലയിൽ Startup Cell & IPR Cell എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

വരുന്ന അക്കാദമിക് വർഷത്തിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ 'ലൈഫ് ഈസ് ബ്യൂട്ടിഫുൾ പദ്ധതി'ക്ക് തുടക്കം കുറിച്ചുകൊണ്ട് എൻ എസ് എസ് രൂപം കൊടുത്ത ലഹരിമുക്ത കർമ്മസേനയായ ആസാദ്സേന വഴി ക്യാമ്പസിന്റെ കാവലാളായി മാറുന്ന പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കും.

| | | | |
|---|---|---|---|
| | | | <u>മേൽ പദ്ധതികൾ/ പ്രവർത്തനങ്ങൾ മുഖേന ലക്ഷ്യമിടുന്ന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു</u><br>• ഡിജിറ്റൽ ക്ലാസ് മുറികൾ, ഡിജിറ്റൽ ലൈബ്രറികൾ.<br>• എല്ലാ വിധ സൗകര്യങ്ങളോടും കൂടിയ ലബോറട്ടറികൾ.<br>• പ്രത്യേക വൈദഗ്ധ്യം: പ്രത്യേക മേഖലകളിൽ വിഭവങ്ങളും കഴിവുകളും കേന്ദ്രീകരിക്കുന്നത് ആഴത്തിലുള്ള വൈദഗ്ധ്യം വളർത്തുന്നു.<br>• ഇന്റർ ഡിസിപ്ലിനറി സഹകരണം: മികവിന്റെ കേന്ദ്രങ്ങൾ ക്രോസ് ഡിപ്പാർട്ട്മെന്റൽ ഗവേഷണത്തെയും പഠനത്തെയും പ്രോത്സാഹിപ്പിക്കുന്നു.<br>• മെച്ചപ്പെടുത്തിയ ഗവേഷണ ഫലം: കേന്ദ്രീകൃത ഗവേഷണ മേഖലകൾ പ്രസിദ്ധീകരണങ്ങൾ, ഗ്രാന്റുകൾ, നവീകരണം എന്നിവയിലേക്ക് നയിക്കുന്നു.<br>• മികച്ച പ്രതിഭകളെ ആകർഷിക്കുന്നു: പ്രശസ്തരായ അധ്യാപകരെയും വിദ്യാർത്ഥികളെയും ഗവേഷകരെയും പ്രശസ്ത കേന്ദ്രങ്ങൾ ആകർഷിക്കുന്നു.<br>• ഘടനാ സിലബസിൽ നിന്നും വ്യത്യസ്തമായി വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനത്തിൽ അടിസ്ഥാനമാക്കിയ ഡിഗ്രി പൂർത്തിയാക്കുവാനും, മികവിന്റെ കേന്ദ്രങ്ങൾ സൃഷ്ടിക്കുന്നതിലൂടെ ഗവേഷണതല്പരരായ യുവതല മുറയെ വാർത്തെടുക്കുന്നതിനും വകുപ്പ് വിഭാവനം ചെയ്യുന്നു.<br>• സംസ്ഥാനത്തെ ക്യാമ്പസുകളെ പൂർണ്ണമായും ലഹരിമുക്തമാക്കുക.<br>• സാമൂഹ്യപ്രതിബദ്ധതയുള്ള സോഷ്യൽ എഞ്ചിനീയർമാരായി വിദ്യാർത്ഥികളെ വാർത്തെടുക്കുക.<br>• കേരളത്തിലെ വിദ്യാർത്ഥികളെ പഠനത്തോടൊപ്പം തന്നെ തൊഴിൽ അഭ്യസ്തരാക്കുന്നതിനും പഠനം കഴിയുമ്പോൾ തന്നെ മികച്ച തൊഴിലവസരങ്ങളിലേക്ക് എത്തിക്കുന്നതിനും ഇന്റേൺഷിപ്പുകൾ മുഖേന സാധിക്കുക. |
| (ബി) | ഇതിനായി കേന്ദ്ര സർക്കാരിൽ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിലേക്കായി കേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ള റൂസ 1.0 , റൂസ 2.0, പി.എം. ഉഷ എന്നീ പദ്ധതികൾ റൂസ ആസ്ഥാന കാര്യാലയം വഴി നടപ്പാക്കുന്നു. റൂസ 1.0 & 2.0 പദ്ധതികൾക്കായി |

| | | | |
|---|---|---|---|
| | | | കേന്ദ്രസർക്കാർ അംഗീകരിച്ച 565 കോടി രൂപയിൽ ലഭ്യമായ 433.28 കോടി രൂപയിൽ നാളിതുവരെ 430.81 കോടി രൂപ മേൽ ഘടകങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്. പി.എം. ഉഷ പദ്ധതിയിൽ സംസ്ഥാന സർവകലാശാലകൾക്കും കോളേജുകൾക്കും ജില്ലകൾക്കുമായി 405 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>കേന്ദ്ര ബഡ്ജറ്റിന്റെ ഭാഗമായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 5 കോളേജുകളിലേക്കുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി ആകെ 116.41 കോടി രൂപയുടെ പ്രൊപോസൽ സമർപ്പിച്ചിട്ടുണ്ട്.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് *കേന്ദ്രസർക്കാരിൽ 10-ഓളം പദ്ധതികൾക്കായി 1625 കോടിയുടെ* പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്.<br><br>അസാപ്പിന്റെ കീഴിൽ CSP പാമ്പാടിയിൽ പ്രവർത്തിപ്പിച്ചുവരുന്ന AR/VR മികവിന്റെ കേന്ദ്രത്തെ റീജിയണൽ സെന്റർ ഓഫ് എക്സലൻസ് (Regional Centre of Excellence) ലേക്ക് കേന്ദ്ര സഹായത്തോടെ ഉയർത്തുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിനായി ആവിഷ്കരിച്ച നടപ്പാക്കിയ പദ്ധതികൾ വിശദമാക്കുമോ; | (സി) | (എ)-യിൽ മറുപടി നൽകിയിരിക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതികൾ മുഖേന കൈവരിക്കാൻ കഴിയുമെന്ന് കരുതുന്ന നേട്ടങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | (എ) -യിൽ മറുപടി നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ